"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365

ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in

വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

---

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് വകുപ്പ് - കെ.എസ്.ആർ.ടി.സി. - ആർ എഫ് ഐ ഡി കാർഡ് - സ്പോൺസർഷിപ്പ് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം. 673/2021(പി.ആർ/എം.സി-2/1434/കെ.എസ്.ആർ.ടി.സി./2021)**

**തിരുവനന്തപുരം, തീയതി 17/09/2021**

---

പരാമർശം : 1) കെ.എസ്.ആർ.ടി.സി. സി.എം.ഡി.യുടെ 05.08.2021-ലെ ES3/008245/21 നമ്പർ കത്ത്.

2) ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച 24.08.2021-ലെ നമ്പർ. പി.ആർ/എം.സി-2/1434/കെ.എസ്.ആർ.ടി.സി./2021 തീയതി കുറിപ്പ്. (അജൻഡ നമ്പർ 50/9/21).

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ പുതുതായി ആരംഭിക്കുന്ന സർക്കുലർ സർവീസുകളിൽ നടപ്പിലാക്കുന്ന 'പ്രീപെയ്ഡ് റീലോഡബിൾ ആർ എഫ് ഐ ഡി ട്രാവൽ കാർഡുകൾ' സ്പോൺസർ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സഹകരണം തേടിയിട്ടുണ്ട്. രണ്ടുലക്ഷം കാർഡുകളാണ് ആദ്യഘട്ടത്തിൽ പുറത്തിറക്കുന്നത്.

കാർഡ് ഒന്നിന് 40/- രൂപയും, അച്ചടി ചെലവ് 20/- രൂപയും അടക്കം 60/- രൂപയാണ് ആർ എഫ് ഐ ഡി ട്രാവൽ കാർഡിന്റെ നിർമ്മാണ ചെലവ്. കൂടാതെ രണ്ട് ലക്ഷം കാർഡുകൾ വിതരണം ചെയ്യുന്ന ആദ്യഘട്ട പദ്ധതിയുടെ പരസ്യ പ്രചാരണത്തിന് വകയിരുത്തിയിട്ടുള്ള മുപ്പത് ലക്ഷം രൂപയുടെ വിഹിതമായി 15/- രൂപ കൂടി ഒരു കാർഡിന് ചെലവ് പ്രതീക്ഷിക്കുന്നു. അതുകൂടി ചേർക്കുമ്പോൾ കാർഡ് ഒന്നിന് 75/- രൂപ (എഴുപത്തി അഞ്ച് രൂപ മാത്രം)-യാണ് ആകെ ചെലവ്.

(മറുപുറം)

കെ.എസ്.ആർ.ടി.സി യാത്രക്കാർ നിത്യേന ഉപയോഗിക്കുന്ന ആർ എഫ് ഐ ഡി ട്രാവൽ കാർഡിന്റെ മറുപുറത്ത് കെ.എസ്.ഇ.ബി.എൽ-ന്റെ സന്ദേശങ്ങൾ നൽകുന്നത് ഫലപ്രദമായ പരസ്യമാർഗ്ഗമാണ്. ഓൺലൈൻ പേയ്മെന്റ്, വൈദ്യുതി സുരക്ഷ തുടങ്ങിയവ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ ഈ പരസ്യമാർഗ്ഗം പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ വിവരങ്ങൾ ഉൾപ്പെടുത്തി പരാമർശം 2 പ്രകാരം ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസർ സമർപ്പിച്ച കുറിപ്പ് 10.09.2021-ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനം എടുക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി. പുതുതായി ആവിഷ്കരിക്കുന്ന പ്രീപെയ്ഡ് റീലോഡബിൾ ആർ എഫ് ഐ ഡി ട്രാവൽ കാർഡുകൾ സ്പോൺസർ ചെയ്യാൻ അനുമതി നൽകി. ഇതിന്റെ ആദ്യ ഘട്ടമായി 1000 കാർഡുകൾ ഒന്നിന് 75/- രൂപ നിരക്കിൽ 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ചെലവിൽ സ്പോൺസർ ചെയ്യാനും അനുമതി നൽകി.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഹുൾടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്/-

**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

**സ്വീകർത്താവ് :** ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
ഡയറക്ടർമാരുടെ ടി.എ./കമ്പനി സെക്രട്ടറി/
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(ഐ.റ്റി)/
എ.ജി./ലീഗൽ ലെയ്സൺ ഓഫീസർ/
ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

17/09